ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ വിദ്യാർത്ഥിനി ആവശ്യപ്പെടുകയോ, എന്തെങ്കിലും നിബന്ധന എഴുതിക്കൊടുക്കുകയോ ചെയ്യാതെ കൊടുത്തതു് എന്തിനു് ആ വിദ്യാർത്ഥി മടക്കിക്കൊടുക്കണം ?

ശ്രീ. കെ. കുഞ്ഞമ്പു : 16-4-59-ലാണു് കല്പനയുണ്ടായതു്. അതിനു ശേഷം, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്നും ടെയിനിംഗിനു് അയയ്ക്കുന്ന വിദ്യാർത്ഥികൾക്കു് പ്രതിമാസ അലവൻസും ശമ്പളവും കിട്ടുകയാണെങ്കിൽ, ഹരിജൻ ഡിപ്പാർട്ടുമെൻറിൽ നിന്നും ലംപ് സംഗ്രാൻറു് കൊടുക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ടു്. അതു അറിയാതെയാണു് ഡിസ്ട്രിക്ടു വെൽഫെയർ ആഫീസർ നടപടി സ്വീകരിച്ചതു്. എന്നിരുന്നാലും ഇതു് ഇളവുചെയ്തു തരണമെന്നു് നിവേദനം ലഭിച്ചിട്ടുള്ളതു് പരിശോധനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. ആർ. വിജയൻ: പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ പട്ടികവർഗ്ഗക്കാർ ആണെന്നുള്ള തരത്തിൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റു് ഹാജരാക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു: 1957-58-ൽഇങ്ങനെയൊരു സംഭവം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ചില എം. എൽ. എ. മാർ പട്ടിക ജാതിയിൽപ്പെട്ടവർക്കു് പട്ടികവർഗ്ഗമെന്നു് സർട്ടിഫിക്കറ്റു കൊടുത്തതു് കണ്ടു പിടിക്കപ്പെട്ടിട്ടുണ്ടു്.

വില്ലേജു് കോർട്ടു് ആക്ടു്.

* 880. [22] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള Village Court Act നടപ്പിൽവരുത്താത്തതെന്തുകൊണ്ടാണു് ;

(ബി) മദ്രാസു് പഞ്ചായത്തു് നിയമം റദ്ദായതോടുകൂടി മലബാർ പ്രദേശത്തെ പഞ്ചായത്തു കോടതികളും നിലവിലില്ലെന്നും, അത്തരം കോടതികളിൽ നിലവിലുണ്ടായിരുന്ന കേസുകളും പല സ്ഥലത്തും ഇതേവരെ വിചാരണയ്ക്കെടുക്കാൻ യാതൊരു നിർദ്ദേശവും കൊടുക്കാത്തതുകൊണ്ടു് കെട്ടിക്കിടക്കുകയാണെന്നും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളും നിലവിലില്ലാതിരുന്നതിനാൽ, ആക്ടു് നടപ്പിലാക്കാൻ സാധിച്ചില്ല.

(ബി) തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളും 1-1-1964-ൽ നിലവിൽ വന്നിട്ടുള്ളതിനാൽ കഴിയുന്നവേഗം ആക്ടു് നടപ്പിലാക്കാൻ നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്. കേസുകളും വിചാരണക്കെടുക്കാൻ വേണ്ട നടപടികളും എടുത്തിട്ടുണ്ടു്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : ഇന്നലെയും ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെയൊരു ഉത്തരം പറഞ്ഞു. മലബാറിലെ പല പ്രദേശങ്ങളിലും മദ്രാസു് നിയമം പോയതോടുകൂടി കേസുകളും വിചാരണക്കെടുക്കാൻ യാതൊരു നിർദ്ദേശവും ഇതുവരെ കൊടുത്തിട്ടില്ലെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി അതിനെപ്പറ്റി അന്വേഷിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനു വേണ്ടി ഞാൻ പറയുകയാണു്. ഗവണ്മെൻറിൻെറ അപേക്ഷയനുസരിച്ചു് ഹൈക്കോർട്ടു രജിസ്ട്രാർ, കോഴിക്കോടു്, പാലക്കാടു് തലശ്ശേരി ഡിസ്ട്രിക്ടു കളിലെ ഡിസ്ട്രിക്ടു് മജിസ്ട്രേറ്റന്മാർ, വില്ലേജു് കോർട്ടുകളിലെ ക്രിമിനൽ കേസുകളും വിചാരണചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടു്. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ സിവിൽ കേസുകളെ സംബന്ധിച്ചിടത്തോളം റവന്യൂ ഡിപ്പാർട്ടുമെന്റു് വില്ലേജ് മുൻസിഫ് എന്ന നിലയിലുള്ള അധികാരം വില്ലേജ് ആഫീസറന്മാർ ഏറെറടുത്തു നടത്തണമെന്ന നിർദ്ദേശവും നൽകിക്കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : മലബാർ ഭാഗത്തു് രണ്ടുമൂന്നു കൊല്ലങ്ങളായി കേസുകൾ കെട്ടിക്കിടക്കുകയാണു്. ഈ കേസുകൾ വിചാരണ ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ഞാൻതന്നെ പ്രസിഡൻറായിരിക്കുന്ന പഞ്ചായത്തിനു് ഇതുവരെ നിർദ്ദേശം കിട്ടിയിട്ടില്ല.

ശ്രീ. കെ. എ. ദാമോദരമേനോൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ കേസുകൾ ഈ ഉത്തരവു പുറപ്പെടുവിച്ചശേഷവും കെട്ടിക്കിടക്കുന്നുണ്ടോയെന്നു പരിശോധിക്കാം.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : കൽപ്പനയിൽ ഇപ്പോഴുള്ള കോടതികളിൽ എന്നാണു് പറഞ്ഞിട്ടുള്ളതു്. പഞ്ചായത്തുകോടതികളിൽ നിലവിലുള്ളതെന്നു പറഞ്ഞിട്ടില്ല. അതാണു കുഴപ്പം.

ശ്രീ. കെ. എ. ദാമോദരമേനോൻ : അതാണു് ഞാൻ പറഞ്ഞതു് പരിശോധിക്കാം എന്നു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു വില്ലേജ് ഉദ്യോഗസ്ഥന്മാർക്കു് അഥവാ അധികാരികൾക്കു് സിവിൽ കേസുകളെ സംബന്ധിച്ചിടത്തോളം അധികാരം കൊടുത്തു എന്നു്. ഇതു പഞ്ചായത്തു് ആക്ടിന്റെ തത്വത്തിനുതന്നെ എതിരാണു്. പഞ്ചായത്തു് ആക്ടു് നടപ്പിൽവരുന്ന സ്ഥലങ്ങളിൽ പഞ്ചായത്തു് രൂപീകരിക്കുന്ന കമ്മിറ്റിക്കാണു് ഈ അധികാരം എന്നുള്ളപ്പോൾ ഇങ്ങനെ വില്ലേജ് ഉദ്യോഗസ്ഥന്മാർക്കു് അധികാരം കൊടുത്തതു് ശരിയാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പഴയ കേസുകളെ സംബന്ധിച്ചാണു ഞാൻ പറഞ്ഞതു്. പുതിയ ആക്ടു് വന്നശേഷമുള്ള കാര്യങ്ങൾക്കു് റൂളുകൾ തയാറാക്കുകയാണു്.

അപ്പ്ഗ്രേഡു് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്കൂളുകൾ.

* 881. [23] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ * : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വിദ്യാഭ്യാസവർഷത്തിൽ എത്ര ഗവണ്മെൻറു് സ്കൂളുകൾ അപ്പ്ഗ്രേഡു് ചെയ്യാൻ ഉദ്ദേശിക്കുന്നു ;

(ബി) വൈക്കം താലൂക്കിൽ ഇപ്പോൾ എത്ര ഹൈസ്കൂളുകൾ ഉണ്ടു് ;

(സി) ഏതെല്ലാം ;

(ഡി) കണ്ണങ്കെട്ടുശ്ശേരി യു. പി. സ്കൂൾ വെച്ചൂർ ദേവീവിലാസം യു. പി. സ്കൂൾ എന്നിവയ്ക്കു് ഏറ്റവും അടുത്ത ഹൈസ്കൂളുകളുമായി എത്ര മൈൽ ദൂരം അകലമുണ്ടു് ;

(ഈ) പ്രസ്തുത യു. പി. സ്കൂളുകൾ രണ്ടും അടുത്ത വിദ്യാഭ്യാസവർഷത്തിൽത്തന്നെ അപ്പ്ഗ്രേഡു് ചെയ്യാൻ ഉദ്ദേശമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ കാര്യം തീരുമാനിച്ചിട്ടില്ല.

(ബി) 16.

(സി) സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

---

* Put by Shri T. K. Ramakrishnan

† Appendix IV.

LIBRARY ARCHIVES Kerala Legislative Assembly